# കോളിൽ ഇരുപ്പൂകൃഷിക്ക് കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ 'ദ്രുതകർമ' പരിപാടി

● പ്രളയത്തിൽ നശിച്ച മോട്ടോർ പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണി കാർഷിക ഗവേഷണ കേന്ദ്രം ചെയ്യും

Madhyamam 3-9-18 P-3

**തൃശൂർ:** പ്രളയക്കെടുതിയിൽ ആശങ്കയിലായ കോൾമേഖലയിലെ ഇരുപ്പൂകൃഷിയിറക്കുന്നതിനുള്ള 'ഓപറേഷൻ ഡബിൾ കോൾ' പദ്ധതിക്ക് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൻെറ ദ്രുതകർമ പരിപാടി. കൃഷിയിറക്കാൻ കോൾനിലങ്ങളിലെ വെള്ളം വറ്റിക്കണം. പക്ഷേ, പ്രളയം മോട്ടോറുകളെ നശിപ്പിച്ചു. കേടുവന്ന പമ്പ് സെറ്റുകൾ നന്നാക്കുന്നതിനും പുറംബണ്ടുകളുടെ പുനർനിർമാണത്തിനുമാണ് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം സഹായമറിയിച്ചിരിക്കുന്നത്.

കൃഷിയിറക്കണമെങ്കിൽ അടിയന്തര പ്രാധാന്യത്തോടെ 20 കോടി അനുവദിക്കണമെന്നും മോട്ടോറുകൾ നന്നാക്കിയെടുക്കണമെങ്കിൽ മാത്രം അഞ്ച് കോടിയെങ്കിലും വേണ്ടിവരുമെന്നും കഴിഞ്ഞ ദിവസം ചേർന്ന ജില്ല കോൾ കർഷക യോഗം വിലയിരുത്തിയിരുന്നു. ഇതിനിടയിലാണ് കാർഷിക സർവകലാശാല സഹായവുമായെത്തുന്നത്. കൃഷിവകുപ്പിനെ ഇക്കാര്യം അറിയിച്ച് അനുമതിയാവുകയും ചെയ്തു.

പ്രളയംമൂലം തകർന്ന പുറംബണ്ടുകളുടെ പുനർനിർമ്മാണത്തിന് ആവശ്യമായ സർവേ നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കാൻ വിദഗ്ധസംഘം സഹായിക്കും. മോട്ടോർ പമ്പുസെറ്റുകൾ അറ്റകുറ്റപ്പണി തീർത്ത് ഒരാഴ്ചക്കകം പമ്പിങ് ആരംഭിക്കാനുള്ള ശ്രമത്തിലാണ് വിദഗ്ധർ. മുന്നൂറോളം മോട്ടോറുകളാണ് വെള്ളത്തിൽ മുങ്ങി കേട് വന്നത്. പൊണ്ണമുത, മണലൂർ താഴം കോൾ പടവുകളിലെ ഏതാനും മോട്ടോറുകൾ ഇതിനകം അറ്റകുറ്റപ്പണി തീർത്ത് കഴിഞ്ഞു.

21 ഓടെ ഒന്നാം കൃഷിയിറക്കാനുള്ള ലക്ഷ്യവുമായാണ് മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നത്.